ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE:16.04.2026


# പ്രധാനവാർത്തകൾ

1. വനിതാ സംവരണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

2. രാജ്യവികസനത്തിൽ നാരീ ശക്തി സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ബിൽ അവതരണത്തിനിടെ പ്രതിപക്ഷ പ്രതിഷേധം.

3. സംസ്ഥാനത്ത് ഞായറാഴ്ച വരെ പകൽ താപനില ഉയരുമെന്ന് മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരും.

4. കോഴിക്കോട് ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്.

5. പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ പാതയിലാണെന്ന് അന്താരാഷ്ട്ര നാണയ നിധി.

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ - ബംഗളുരു എഫ് സി പോരാട്ടം.

*************

RNU TVPM

## പാർലമെൻറ്-ലോക്സഭ

വനിതാ സംവരണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊണ്ടുവരുന്നതിനുള്ള മൂന്ന് ബില്ലുകൾ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. ഭരണഘടന (131-ാം ഭേദഗതി) ബിൽ, ഡീലിമിറ്റേഷൻ ബിൽ എന്നിവ കേന്ദ്ര മന്ത്രി അർജുൻ മേഘ് വാളും കേന്ദ്രഭരണ പ്രദേശ നിയമ (ഭേദഗതി) ബിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമാണ് സഭയിൽ അവതരിപ്പിച്ചത്. സ്ത്രീകൾക്ക് രാഷ്ട്രീയ നീതി ഉറപ്പാക്കുന്നതിനുള്ള ചരിത്ര ബില്ലായിരിക്കും ഇതെന്ന്
ശ്രീ. അർജുൻ മേഘ് വാൾ പറഞ്ഞു. ബിൽ അവതരണത്തിനിടെ പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധിച്ചു. രാജ്യത്തിന്റെ ഫെഡറൽ ഘടനയെ ഈ ബില്ലുകൾ ദുർബലപ്പെടുത്തുമെന്ന് കോൺഗ്രസ് അംഗം കെ സി വേണുഗോപാൽ ആരോപിച്ചു. ബിൽ പാസാക്കുന്നതിന് മൂന്ന് ദിവസമാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരുന്നത്. അതെസമയം, രാജ്യസഭയിൽ പത്തോളം അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

*************

## ലോക്സഭ-പിഎം നാരീ ശക്തി ( ഇൻട്രോ)

രാജ്യത്തിൻറെ വികസനത്തിൽ നാരീ ശക്തി സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. നയരൂപീകരണത്തിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്നും ലോക്സഭയിൽ വനിതാ സംവരണ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ അദ്ദേഹം പറഞ്ഞു.
**(വോയിസ്-പി എം)**

*************

## തമിഴ്നാട്, പശ്ചിമ ബംഗാൾ - പ്രചാരണം

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ബിജെപി നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ദ ബിശ്വ ശർമ്മ പശ്ചിമബംഗാളിൽ പ്രചാരണത്തിൽ പങ്കെടുക്കുന്നുണ്ട്. ത്രിണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമതാ ബാനർജിയും തിരഞ്ഞെപ്പ് പ്രചാരണ രംഗത്ത് സജീവമാണ്. തമിഴ് നാട്ടിൽ എൻ ഡി എയുടെ

പ്രചാരണത്തിനായി  പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദിയുൾപ്പെടെ ഉള്ളവർ കഴിഞ്ഞ

ദിവസങ്ങളിൽ  എത്തിയിരുന്നു. തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ സേലം ജില്ലയിലാണ് പ്രചാരണം നടത്തിയത്. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട പോളിംഗ് 29 ന് നടക്കും.

*************

## താപനില മുന്നറിയിപ്പ്

സംസ്ഥാനത്ത് ഇന്ന് മുതൽ ഞായറാഴ്ച വരെ പകൽ താപനില ഉയരുമെന്ന് മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ താപനില 40°C വരെയും കൊല്ലം ജില്ലയിൽ ഉയർന്ന താപനില 39°C വരെയും കോട്ടയം ജില്ലയിൽ  38°C വരെയും  ഉയരാൻ സാധ്യതയുണ്ട്. തിരുവനന്തപുരം , പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ  37°C വരെ ഉയർന്ന താപനില രേഖപ്പെടുത്തുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*************

## കൊല്ലം ജില്ല - താപനില

കൊല്ലം ജില്ലയിൽ ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം, ചൂടും അസ്വസ്ഥതയും അനുഭവപ്പെടുന്നതിന് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾ പരമാവധി മുൻകരുതലുകൾ സ്വീകരിക്കണ മെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി അധ്യക്ഷൻ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി

ഗുരുതരമായ  ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലായതിനാൽ മാർക്കറ്റുകളിലും മറ്റും ഫയർ ഓഡിറ്റ് നടത്താനും കളക്ടർ നിർദേശം നൽകി.

*************

## കാസർഗോഡ്-സൂര്യാഘാതം

കാസർഗോഡ് കാഞ്ഞങ്ങാട് പതിമൂന്ന് വയസ്സുകാരന് സൂര്യാഘാതമേറ്റു.  സാരമായ പൊള്ളലേറ്റ് കുട്ടിയെ ആശുപത്രിയിൽ

PRD TVPM

പ്രവേശിപ്പിച്ചു. മുഹമ്മദ് ജുബൈറിനാണ് സൂര്യാഘാതം ഏറ്റത്. സ്കൂൾ ഗ്രൗണ്ടിൽ കൂട്ടുകാർക്കൊപ്പം കളിക്കുന്നതിനിടെയായിരുന്നു സംഭവം.

*************

## ക്ഷീരകർഷകപ്രതിസന്ധി(ഇൻട്രോ)

വയനാട്ടിൽ കനത്ത ചൂട് വർദ്ധിച്ചതോടെ ക്ഷീരകർഷകരും കടുത്ത പ്രതിസന്ധിയിൽ. ആവശ്യത്തിന് തീറ്റപ്പുല്ല് ഇല്ലാത്തതും ഉത്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കാത്തതും ക്ഷീരകർഷകർ ഈ മേഖലയിൽ നിന്നും പിന്മാറാൻ കാരണമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്......**

(വോയിസ്)

*************

## നിതിൻരാജ്- തെളിവെടുപ്പ്

കണ്ണൂർ അഞ്ചരക്കണ്ടി ഡെൻറൽ കോളേജ് വിദ്യാർത്ഥി നിതിൻരാജിൻറെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാശാല അധികൃതർ കോളേജിൽ നേരിട്ടെത്തി തെളിവെടുപ്പ് നടത്തും. അതേസമയം വിദ്യാർഥിയുടെ മരണത്തിന് ഉത്തരവാദികളായവർക്കു നേരേ നരഹത്യയ്ക്ക് കേസെടുക്കണമെന്ന് ആദിവാസി- ദളിത് മുന്നേറ്റ സമിതി, അംബേദ്കർ ഡെമോക്രാറ്റിക് ഫ്രണ്ട് എന്നീ സംഘടനകൾ ആവശ്യപ്പെട്ടു. നിതിൻ രാജിൻറെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിലേക്ക് യൂത്ത് ലീഗ് പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷം.

RNU TVPM

*************

## എസ്എസ്എൽസി-കേരളം

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷയുടെ മൂല്യനിർണയം ആരംഭിച്ചു. മൂന്ന് ഘട്ടമായാണ് മൂല്യനിർണയം. ആദ്യഘട്ടം മറ്റന്നാൾ വരെയും രണ്ടാംഘട്ടം ഈ മാസം 20 മുതൽ 25 വരെയും മൂന്നാം ഘട്ടം ഈ മാസം 27 മുതൽ മേയ് രണ്ട് വരെയുമാണ് നടക്കുന്നത്.

*************

## ജില്ലാ മെഡിക്കൽ ഓഫീസർ -കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ കൊതുകിൻറെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ. ഇടവിട്ടുള്ള വേനൽ

മഴ, കൊതുക് പെരുകുന്നതിനുള്ള സാഹചര്യമൊരുക്കും. ആഴ്ചയിൽ ഒരിക്കൽ വീടുകളിൽ കൊതുകിൻറെ ഉറവിട നശീകരണം നടത്തിയാൽ മാത്രമേ ഡെങ്കിപ്പനി പ്രതിരോധം സാധ്യമാകൂവെന്നും ഡി.എം.ഒ അറിയിച്ചു.

*************

## പച്ചക്കറി കൃഷി -ആലപ്പുഴ(ഇൻട്രോ)

ചേർത്തല - അമ്പലപ്പുഴ താലൂക്കുകളിലെ കർഷകർക്ക് മകരക്കൊയ്ത്ത് കഴിഞ്ഞ പാടശേഖരങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്ന പതിവുണ്ട്. ഇത്തവണ വിഷുക്കാലത്ത് മികച്ച വിളവാണ് ലഭിച്ചത്.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി**
**ആർ.രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.....**
**(VOICE)**

*************

## നിറപുത്തരി-ഞാറ് നടീൽ

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിറപുത്തരിക്കുള്ള ഞാറ് നടീൽ ചടങ്ങ് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നടന്നു. മേയർ വി.വി.രാജേഷ് ഉദ്ഘാടനം ചെയ്തു.

*************

PNUTVPM

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ , ബംഗളുരു എഫ് സി യെ നേരിടും.രാത്രി 7.30 ന് കൊൽക്കത്തയിലെ സാൾട്ട് ലേയ്ക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

*************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 07.30 ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

*************

## ഐ.എം.എഫ് മേധാവി

പശ്ചിമേഷ്യൻ സംഘർഷങ്ങക്കിടയിൽ ആഗോള സാമ്പത്തിക വളർച്ച മന്ദഗതിയിലാകുമ്പോഴും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ പാതയിലെന്ന് അന്താരാഷ്ട്ര നാണയ നിധി മേധാവി ക്രിസ്റ്റലീന ജോർജിയേവ. ഐ.എം.എഫിൻറെ ആഗോള വാർഷിക സാമ്പത്തിക സമ്മേളനത്തിനിടെ നടത്തിയ വാർത്താ സമ്മേളനത്തിൽ

സംസാരിക്കുകയായിരുന്നു അവർ. രാജ്യത്തിൻറെ ശക്തമായ അടിത്തറ മറ്റ് മിക്ക സമ്പദ്‌വ്യവസ്ഥകളെക്കാളും മികച്ച പ്രകടനം കാഴ്ചവെക്കാൻ ഇന്ത്യയെ സഹായിക്കുന്നുണ്ടെന്നും ഐ.എം.എഫ് മേധാവി പറഞ്ഞു.

*************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 122 പോയിൻറ് താഴ്ന്ന് 77,988 ലും നിഫ്റ്റി 34 പോയിൻറ് നഷ്ടത്തിൽ 24,196 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില വർധിച്ചു. പവന് 160 രൂപ വർധിച്ച് ഒരു

ലക്ഷത്തി 14,080 രൂപയും ഗ്രാമിന് 14,260 രൂപയുമാണ് ഇന്നത്തെ വില.

*************

## പി ഐ ബി ഫാക്റ്റ് ചെക്ക്

സമൂഹമാധ്യമങ്ങളിൽ സാമ്പത്തിക ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന തരത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻറെ പേരിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ. ഈ വീഡിയോ

നിർമിത ബുദ്ധി ഉപയോഗിച്ച് സൃഷ്ടിച്ചതാണെന്നും ഇത്തരം വീഡിയോകൾക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും പി ഐ ബിയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

RNU TVPM

*************

**********

******